# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
# ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ്



**വനിതകൾക്കും, സമൂഹത്തിലെ
മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുമായുള്ള
സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ്
പ്രോഗ്രാമിന്റെ സംസ്ഥാനതല ഉത്ഘാടനം**

**2012 മാർച്ച് 28 വൈകുന്നേരം 5.00 ന്
കണിയാപുരം ഇർഷാദിയ അറബിക്
കോളേജ് ക്യാമ്പസിൽ
(ഗവ. യു.പി.സ്കൂളിനു സമീപം)**

സർ,

തൊഴിൽ വൈവിധ്യം ഉണ്ടാക്കിയെടുക്കാനും പുതിയ തൊഴിൽ മേഖലകളിലേക്ക് യുവജനതയെ കൊണ്ടെത്തിക്കാനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പിൽ വരുന്ന പദ്ധതിയാണ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം. ഇതിന്റെ ഭാഗമായി വനിതകൾക്കും, സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്കുമായി കമ്പ്യൂട്ടർ, ഇലക്ട്രോണിക്സ് അനുബന്ധ മേഖലകളിലുമായി തൊഴിലിൽ പ്രവേശിക്കാൻ ഉദ്ദേശിക്കുന്നവർക്കുള്ള ട്രെയിനിംഗ് പരിപാടിയാണ് ഐ.എച്ച്.ആർ.ഡിയുടെ നേതൃത്വത്തിൽ കേരളത്തിൽ 36 കേന്ദ്രങ്ങളിലായി ആരംഭിക്കുന്ന സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം. ഈ പദ്ധതിയിലൂടെ 7200 പേർക്ക് സ്റ്റൈപെന്റോടു കൂടിയ സൗജന്യ തൊഴിൽ പരിശീലനവും പഠനാനന്തരം തൊഴിൽ മേഖലയിൽ പ്രവേശിക്കുന്നവർക്ക് തുടർ തൊഴിൽ പരിശീലനവും സാങ്കേതിക പരിശീലനവും ലഭ്യമാകും.

കേരളത്തിലെ ഉന്നത സാങ്കേതിക മേഖലയിൽ 25 വർഷം പൂർത്തിയാക്കുന്ന ഐ.എച്ച്.ആർ.ഡിയുടെ പുതിയ സംരംഭമായ ഈ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. അബ്ദു റബ്ബ് നിർവ്വഹിക്കുന്നു. 2012 മാർച്ച് 28ന് വൈകുന്നേരം 5.00ന് കണിയാപുരത്തുള്ള ഇർഷാദിയ അറബിക് കോളേജ് ക്യാമ്പസിൽ നടക്കുന്ന പ്രസ്തുത യോഗത്തിൽ ശ്രീ. വി. ശശി, എം.എൽ.എ അദ്ധ്യക്ഷത വഹിക്കുന്നു. രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന പ്രസ്തുത ചടങ്ങിൽ താങ്കളെ സാദരം ക്ഷണിക്കുന്നു.

ഡയറക്ടർ

# കാര്യപരിപാടി

| | | |
|---|---|---|
| ഈശ്വര പ്രാർത്ഥന | : | |
| സ്വാഗതം | : | **എം. ഷെറീഫ്,**<br>ഗവ. ജോയിന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് |
| റിപ്പോർട്ട് | : | **സജീദ് റഷീദ്,** ഡയറക്ടർ, IHRD |
| ഉദ്ഘാടനം | : | **ശ്രീ. അബ്ദു റബ്ബ്**<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| അദ്ധ്യക്ഷൻ | : | **ശ്രീ. വി. ശശി, എം.എൽ.എ**<br>(ചിറയിൻകീഴ്) |
| കമ്പ്യൂട്ടർ ഹാർഡ്‌വെയർ ലാബ് ഉദ്ഘാടനം | : | **ശ്രീ. പാലോട് രവി, എം.എൽ.എ**<br>(നെടുമങ്ങാട്) |
| പഠന സഹായ വിതരണം | : | **ശ്രീ. എം.എ. വാഹിദ്, എം.എൽ.എ**<br>(കഴക്കൂട്ടം) |
| ആശംസകൾ | : | **ശ്രീ. അഡ്വ. മുനീർ,**<br>ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് |
| | : | **ശ്രീമതി. ബീഗം നഫീസ,**<br>ജില്ലാ പഞ്ചായത്ത് മെമ്പർ |
| : | : | **ശ്രീമതി. ടെൽമാജോൺ,**<br>പ്രസിഡന്റ്, കഠിനംകുളം ഗ്രാമപഞ്ചായത്ത് |
| | : | **ശ്രീ. പറമ്പിൽ പാലം നിസാർ,**<br>പ്രസിഡന്റ്, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് |
| | : | **ശ്രീ. വെട്ടൂറോഡ് വിജയൻ,**<br>ബ്ലോക്ക പഞ്ചായത്ത് മെമ്പർ |
| | : | **ശ്രീമതി. നസീമാ കബീർ,**<br>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കഠിനംകുളം |
| | : | **ശ്രീ. പൊടിമോൻ അഷ്റഫ്,**<br>സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, അണ്ടൂർക്കോണം |
| | : | **ശ്രീമതി. ഗീത. എൽ,**<br>മെമ്പർ, കഠിനംകുളം ഗ്രാമപഞ്ചായത്ത് |
| | : | **ശ്രീ. ബിനു കുമാർ,**<br>മെമ്പർ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് |
| | : | **എ. ഫിറോസ്**<br>ഡയറക്ടർ, (I & PRD) |
| | : | **ശ്രീ. ചാന്നാങ്കര എം.പി. കുഞ്ഞ്,**<br>(ഡയറക്ടർ SILK) |
| | : | **ശ്രീ. ബി. മോഹനചന്ദ്രൻ നായർ,** പ്രസിഡന്റ്<br>അണ്ടൂർക്കോണം സർവ്വീസ് കോപ്പറേറ്റീവ് സൊസൈറ്റി |
| നന്ദി | : | **ശ്രീ. കെ.എസ്.എ. ഹലീം,**<br>വർക്കിംഗ് ചെയർമാൻ, ഇർഷാദിയ കോളേജ് |

## സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പുത്തൻ പദ്ധതികളുമായി IHRD

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പുത്തൻ പരീക്ഷണങ്ങൾ നടപ്പിലാക്കിയ സ്ഥാപനമാണ് IHRD. 1987 ൽ സ്ഥാപിതമായ IHRD കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 25 വർഷം പൂർത്തിയാക്കുകയാണ്. സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കാത്തതും എന്നാൽ പൂർണ്ണമായും സർക്കാരിന് നിയന്ത്രിക്കാൻ കഴിയുന്നതുമായ IHRD യുടെ വിദ്യാഭ്യാസ രീതി കേരളത്തിൽ വൻ വിജയമായി മാറി. ഇന്ന് കേരളത്തിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും 8 പോളിടെക്നിക് കോളേജുകളും 24 ടെക്നിക്കൽ സ്കൂളുകളും 39 അപ്ലൈഡ് സയൻസ് കോളേജുകളും 2 മോഡൽ ഫിനിഷിംഗ് സ്കൂളുകളും റീജിയണൽ കേന്ദ്രങ്ങളും മറ്റ് പഠനോപകരണങ്ങളും ഉൾപ്പെടെ 93 ൽപരം സ്ഥാപനങ്ങളുമായി IHRD കേരളത്തിൽ തല ഉയർത്തി നിൽക്കുകയാണ്. സമാന സ്വഭാവമുള്ള സ്ഥാപനങ്ങളിൽ നിന്നും IHRD വേറിട്ടു നിൽക്കുന്നത് സാമൂഹ്യ സേവനാർത്ഥം ലാഭേച്ഛയില്ലാതെ സ്കൂളുകളും പോളിടെക്നിക്കുകളും പോലുള്ള സ്ഥാപനങ്ങൾ നടത്തുന്നതുകൊണ്ടാണ്. സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പുതിയ പരീക്ഷണങ്ങൾ നടത്തി വിജയിച്ച IHRD മറ്റൊരു പുതിയ രംഗത്തേക്ക് കടക്കുകയാണ്.

ഇത്രയും കാലത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പരിചയവും കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള സ്ഥാപനങ്ങളും അവിടെ ജോലി നോക്കുന്ന സാങ്കേതിക വിദഗ്ദ്ധരുമുൾപ്പെടെയുള്ള വിഭവശേഷി പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം പത്താം ക്ലാസുവരെ പഠിച്ച 7200 പേർക്ക് സ്റ്റൈപന്റോടുകൂടിയുള്ള സമഗ്ര തൊഴിൽ പരിശീലനം ലഭിക്കുന്നതാണ്. കേരളത്തിലെ തൊഴിലവസര സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പ്രായോഗിക പരിശീലനത്തിന് പുതിയ മുഖം നൽകി തൊഴിൽ മേഖലയ്ക്ക് യുവജനങ്ങളെ കൊണ്ടുവരികയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ട്രെയിനിംഗ് പൂർത്തിയാക്കുന്നവർക്ക് സ്വയംതൊഴിൽ ഗ്രൂപ്പുകൾ ഉണ്ടാക്കാനുള്ള തുടർ സാങ്കേതിക സഹായവും തുടർ പരിശീലനങ്ങളും കൂടി ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നു. IHRD യുടെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ കേരളത്തിലാകമാനം തുടങ്ങി അതുവഴി സ്കിൽഡ്- സെമിസ്കിൽഡ് വിഭാഗക്കാരെ സൃഷ്ടിക്കുവാനും വ്യവസായ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ് നൽകി ഭാവിയിൽ തൊഴിൽ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നവർക്ക് നൽകാനും, ഇതിന് IHRD യുടെ കേരളത്തിലെ വിദ്യാഭ്യാസ ശൃംഖലയുടെ സേവനം ലഭ്യമാക്കാനുമാണ് ഇതിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്